# ഞാൻ കഥാകാരനായ കഥ

ആമുഖം:- എസ്.കെ. പൊറ്റെക്കാട്ട്

പ്രസിദ്ധ നോവലിസ്റ്റും കഥാകാരനും, സർവ്വോപരി വിശ്വ യാത്രാവിവരണകാരനുമായ എസ്സ്.കെ. പൊറ്റെക്കാട്ടിന്റെ അനുഭവകുറിപ്പാണ് "ഞാൻ കഥാകാരനായ കഥ" എന്ന പാഠഭാഗം. എസ്സ്.കെ പൊറ്റെക്കാട്ട് ഒരു കഥാകാരനായി മാറാൻ ഇടയാക്കിയ ഒരു രസകരമായ സംഭവം അദ്ദേഹം വിവരിക്കുകയാണിവിടെ.

ലേഖകൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന കാലം. ഒരു പാവപ്പെട്ട അമ്മ എസ്സ്.കെ പൊറ്റെക്കാട്ടിന്റെ വീട്ടിലെത്തി. ഹൈസ്കൂൾ വിദ്യാർത്ഥിയായ പൊറ്റെക്കാട്ടിനെ കൊണ്ട് അവർക്കൊരു കാര്യം സാധിക്കണം. മറ്റൊന്നുമല്ല. തന്റെ മകന് അയക്കാൻ ഒരു കത്ത് എഴുതി നല്കണം. മകന്റെ ചരിത്രം അവർ അദ്ദേഹത്തോട് പറഞ്ഞു. മകനെ സുഖമായി വളർത്താനും പഠിപ്പിക്കാനും വേണ്ടി ആ അമ്മ അവരുടെ മുഴുവൻ സ്വത്തുക്കളും വിറ്റു. പോരാത്തതിന് അയൽ വീടുകളിൽ പോയി പണിയെടുത്തു. മകന് ഉദ്യോഗം കിട്ടിയപ്പോൾ അവിടെയുള്ള ഒരു ഉദ്യോഗസ്ഥയുമായി പ്രണയത്തിലാവുകയും അവളെ വിവാഹം ചെയ്ത് ഭാര്യ

Submitted by,
Prabitha Krishna
X A

ദിക്കിൽ അമ്മയെ ഉപേക്ഷിച്ച് താമസിക്കുക-
യാണ്. തന്റെ മനസ്സിന് അലിവുണ്ടാകാനായി
അമ്മ മകനു വേണ്ടി ചെയ്ത ത്യാഗങ്ങളുടെ
ചരിത്രം മകനെ എഴുതി അറിയിക്കണമെന്നത്
ആ അമ്മയുടെ ആവശ്യം. അതിനായി
അവൻ ഒരു പ്രശസ്ത എഴുത്തുകാരനും
പോസ്റ്റുമാനുമായി വന്നിരിക്കുകയാണ്.
മകനുവേണ്ടി താൻ സഹിച്ച കഷ്ടപ്പാടുകളും
അനുഭവിച്ച വേദനകളും എണ്ണിയെണ്ണി ആ
അമ്മ പൊറ്റെക്കാട്ടിനെ പറഞ്ഞു കേൾപ്പിക്കും.
തന്നെ ഒരു കുഷ്ഠം പിടിച്ച പട്ടിയെപ്പോലെ
മകൻ അടിച്ചോടിച്ചതിനെക്കുറിച്ചും അവർ
സൂചിപ്പിക്കും. അവന്റെ മനസ്സിളക്കാൻ
തക്കവണ്ണം ഒരു കത്തെഴുതി അയക്കണം
എന്ന അമ്മയുടെ അഭ്യർത്ഥന പൊറ്റെക്കാട്
സ്വീകരിച്ചു.

ആ വൃദ്ധ പറഞ്ഞ കഥകൾ
പൊറ്റെക്കാടിനെ വികാരാധീനനാക്കി.
അമ്മയോട് നന്ദികേടു കാണിക്കുന്ന മകനോടു-
ള്ള രോഷം മനസ്സിൽ പുകഞ്ഞു. അമ്മ
പറഞ്ഞ കാര്യങ്ങളെല്ലാം പാകപ്പെടുത്തി
സ്വന്തമായ ചില സരസ്വതി വിലാസങ്ങളും
കൂട്ടിച്ചേർത്ത് അദ്ദേഹം കത്തു തയ്യാറാക്കി
മകന് അയച്ചു. ഈ പ്രവൃത്തി തുടരെ
ചെയ്തുകൊണ്ടിരുന്നു. രണ്ടുമൂന്നു മാസത്തി-
നകം മകൻ അമ്മയ്ക്ക് കുറേശ്ശെ പണം
അയക്കാൻ തുടങ്ങി. കുറച്ചു നാൾക്കകം അവൻ
അമ്മയെ വന്നുകണ്ടു. ഈ കത്തുകളെല്ലാ-
ത്തയ്യാറാക്കുന്നത് ആരാണെന്ന് അമ്മയോട്
അവൻ ആരാഞ്ഞു. ഒരു 'മിക്കാർ കുട്ടി'
ആണെന്നാണ് അമ്മ മറുപടി പറഞ്ഞത്.

വരുന്ന കാലം കഴിയുന്നതിനു മുമ്പേ ആ അമ്മ മരിച്ചു. മുക്കാലും കിറുക്കിയായിരുന്ന ആ വൃദ്ധയാണ് ചെറുകഥാ രചനയിൽ തന്റെ ആദ്യത്തെ ഗുരുനാഥയെന്ന് പൊറ്റെക്കാട് ചൂണ്ടിക്കാട്ടുന്നു. അവരുടെ മകന് താൻ എഴുതിയ കത്തുകളെ തന്റെ ആദ്യത്തെ കഥകളായി കണക്കാക്കാമെന്നാണ് ലേഖകന്റെ അഭിപ്രായം.

കുറെ വർഷങ്ങൾക്കുശേഷം ആ മകനെ കഥാകാരൻ നേരിട്ടു കണ്ടുമുട്ടാൻ ഇടയായി. മറ്റുതരത്തിൽ അവൻ പരിചിതൻ ആയിരുന്നു. അയാളുടെ കുടുംബത്തെപ്പറ്റി പൊറ്റെക്കാട് അന്വേഷിച്ചപ്പോൾ അയാൾ പശ്ചാത്താപ വിവശനാണെന്ന് മനസ്സിലായി. തന്റെ ഭാര്യയുടെ നടപടിദോഷം കണ്ടെത്തിയതിനാൽ അയാൾ ഭാര്യയെ ഉപേക്ഷിച്ചിരുന്നു. മകൾ അയാളുടെ ഒപ്പമുണ്ട്. അയാൾക്കുള്ള കത്തുകൾ സാഹിത്യ ഭാഷയിൽ തയ്യാറാക്കിയിരുന്നത് പൊറ്റെക്കാട്ട് ആണെന്നും അയാൾക്ക് അറിഞ്ഞുകൂടായിരുന്നു. പൊറ്റെക്കാട്ടിന് ഇപ്പോഴും അയാളുടെ അവസ്ഥയോർത്ത് സഹതാപവും പിന്നെ ചിരിയും വരുന്നുവെന്ന് അദ്ദേഹം പറയുന്നു. മനസ്സുരുകി മരിച്ച അമ്മയെ ഓർത്തപ്പോഴാണ് സഹതാപമുണ്ടായത്. അയാളുടെ ഭാര്യയുടെ നടപടിദോഷം കണ്ടുപിടിക്കാൻ പതിനേഴു കൊല്ലം വേണ്ടിവന്നല്ലോയെന്നോർത്തിട്ടാണ് പൊറ്റെക്കാട്ടിന് ചിരി വന്നത്.